**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4466** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഖാദി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഖാദി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സംസ്ഥാനത്ത് ഖാദി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ടി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ്/നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ടി മേഖല ആധുനികവത്ക്കരിക്കുന്നതിനായും ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് short term, long term പ്ലാനുകൾ നടപ്പാക്കി വരുന്നു. ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും ആയതിനുപുറമെ ലീവ് സറണ്ടർ, ഹോളിഡേ വേജസ്, ഇൻസെന്റീവ് മറ്റ് ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും അനുവദിച്ചുനൽകുന്നുണ്ട്. ടി മേഖലയിലെ തൊഴിലാളികളെയും ഖാദി വ്യവസായത്തെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഖാദി തുണികൾ ഉപയോഗിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങളുണ്ടാക്കി ഖാദി ലേബലിൽ വില്പന നടത്താനുള്ള അനുമതി ഗാർമെന്റ് യൂണിറ്റുകൾ നടത്തുന്നവർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും അതിന് സർക്കാർ സബ്സിഡി നല്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | ഖാദി തുണികൾ ഉപയോഗിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങളുണ്ടാക്കി ഖാദി ലേബലിൽ വില്പന നടത്താനുള്ള അനുമതി ഗാർമെന്റ് യൂണിറ്റുകൾ നടത്തുന്നവർക്ക് നൽകിയിട്ടില്ല. എന്നാൽ ഖാദി ലവേഴ്സ് നെറ്റ് വർക്ക് എന്ന കൂട്ടായ്മ എല്ലാ ജില്ലകളിലും രൂപീകരിച്ച് ഇത്തരം കൂട്ടായ്മയിലുള്ളവർക്ക് ഖാദി തുണിത്തരങ്ങൾ ലഭ്യമായ റിബേറ്റിന് പുറമേ 13% |

| | | | |
|---|---|---|---|
| | | | ഇളവോടെ വാങ്ങിക്കുന്നതിനും അത്തരം തുണികളിൽ ഈ കൂട്ടായ്മയിലുള്ളവർക്ക് അവരുടേതായ ഡിസൈനിലുള്ള വസ്തുങ്ങളാക്കി മാറ്റി വില്പന നടത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. |
| (സി) | ഖാദി ഉല്പന്നങ്ങളിലൂടെ സ്വയംതൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നൂതനവും ആകർഷകവുമായ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | ഖാദി വില്പന വർദ്ധിപ്പിക്കുന്നതിനും ഖാദിയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും "ഖാദി സൗഭാഗ്യ" എന്ന പേരിൽ ഖാദി ഏജൻസി ഷോറൂമുകൾ കമ്മീഷൻ വ്യവസ്ഥയിൽ ആരംഭിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ